## കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - അദ്ധ്യാപക വിഭാഗം - ഹിന്ദി വിഷയത്തിലെ സ്ഥലം മാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നം. എ 4/19636/2015/കോവി.വ തീയതി: 04/08/2015

---

പരാമർശം:- 1) വിവിധ സർക്കാർ കോളേജുകളിലെ ഹിന്ദി വിഭാഗം അദ്ധ്യാപകരിൽ നിന്നും ലഭിച്ച സ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ.
2) 30/06/2015 ലെ സ.ഉ. (സാധാ) നം. 1657/15/ഉ.വി.വ.

### ഉത്തരവ്

പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം തിരുവനന്തപുരം സർക്കാർ വനിതാ കോളേജിലെ ഹിന്ദി വിഭാഗം അദ്ധ്യാപികയായ ഡോ. രാംദുലാരിയ്ക്ക് പ്രിൻസിപ്പാളായി സ്ഥാനക്കയറ്റം ലഭിച്ച് 01/07/2015 ന് വിടുതൽ ചെയ്തത് മൂലം ഹിന്ദി വിഭാഗത്തിൽ ഒരു ഒഴിവ് നിലവിലുണ്ട്. പ്രസ്തുത ഒഴിവിലേയ്ക്ക് സ്ഥലം മാറ്റം നൽകണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ഹിന്ദി വിഭാഗം അദ്ധ്യാപകരിൽ നിന്നും സൂചന (1) പ്രകാരം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കോഴിക്കോട് സർക്കാർ ആർട്സ് & സയൻസ് കോളേജിലെ ഹിന്ദി വിഭാഗം അദ്ധ്യാപിക ഡോ. നിമ്മി എ.എ യെ തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ ഡോ. രാംദുലാരിയെ വിടുതൽ ചെയ്ത ഒഴിവിൽ സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു.

സ്ഥലം മാറ്റി നിയമിക്കപ്പെട്ട അദ്ധ്യാപിക സ്ഥലം മാറ്റി നിയമിക്കപ്പെട്ട സ്ഥാപനത്തിൽ ജോയിൻ ചെയ്തതു സംബന്ധിച്ച റിപ്പോർട്ട് ടി കോളേജിലെ പ്രിൻസിപ്പാൾ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

ടി അദ്ധ്യാപികയ്ക്ക് ജോയിനിംഗ് ടൈമിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

സ്ഥാപന മേധാവികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള (www.collgiateedu.kerala.gov.in) ഈ ഉത്തരവ് ഡൗൺ ലോഡ് ചെയ്ത് അദ്ധ്യാപകനെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ജോലിയിൽ നിന്നും വിടുതൽ ചെയ്യേണ്ടതുമാണ്.

ഒപ്പ്/-
ഡോ. തോമസ് കുരുവിള
കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ (ഇൻ ചാർജ്)

പകർപ്പ്:-
1) വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
2) ബന്ധപ്പെട്ട പ്രിൻസിപ്പാൾ, അദ്ധ്യാപിക
3) അക്കൗണ്ടന്റ് ജനറൽ, കോട്ടയം
4) നടപ്പ് ഫയൽ / കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വൈ.റ്റി. 04/08/15